<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3313</u> 24.02.2016-ലെ മറുപടിക്ക്

<u>ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ്</u>

<u>ചോദ്യം</u>

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.അൻവർ സാദത്ത്
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.വി.പി.സജീന്ദ്രൻ

<u>മറുപടി</u>

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;<br><br>ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br><br>സി)ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | എ)യും ബി)യും സി)യും, കേരളത്തിലെ 9 ജില്ലകളിൽ പുതുതായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിനും, 5 ജില്ലകളിൽ (തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ) പ്രവർത്തനക്ഷമമല്ലാത്ത പ്രസ്തുത സംവിധാനം റിപ്പയർ ചെയ്യുന്നതിനുമായി, 13-ാം ധനകാര്യകമ്മീഷൻ ധനസഹായമായി ലഭിച്ച 11.25 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള പ്രവൃത്തികളെല്ലാം തന്നെ C-DAC പോലുള്ള ഏതെങ്കിലും സർക്കാർ Total Solution Provider(TSP) യെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം അനുയോജ്യമായ(TSP) യെ തെരഞ്ഞെടുത്ത് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിദിനം എസ്കോർട്ടിനായി ഉപയോഗിക്കുന്ന 1500 മുതൽ 3000 വരെ പോലീസുകാരുടെ സേവനം ഒഴിവാക്കുവാൻ സാധിക്കുന്നതും, കോടതിയിൽ പോയി വരുന്ന തടവുകാർ മുഖാന്തിരം ലഹരിവസ്തുക്കൾ ജയിലിൽ എത്തുന്നത് തടയാനും കോടതിയിൽ കൊണ്ടുപോകുന്ന വേളയിൽ തടവുകാർ രക്ഷപ്പെടുന്നത് ഒഴിവാക്കുവാനുതിനും തടവുകാരുടെ സുരക്ഷ കൂടുതൽ ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ